**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ : 202

08.12.2015 - ൽ മറുപടിക്ക്.

**ഭക്ഷ്യ സംസ്കരണ വ്യവസായം**

**********************************

ചോദ്യം
ശ്രീ. സി. മമ്മൂട്ടി
,, റ്റി.എ.അഹമ്മദ് കബീർ
,, റ്റി.എം.ഉമ്മർ മാസ്റ്റർ
,, കെ.എൻ.എ.ഖാദർ

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ വ്യവസായ വികസന കാര്യത്തിൽ ഭക്ഷ്യ സംസ്കരണ മേഖല വഹിക്കുന്ന പങ്ക് എത്രയാണെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ മുഖ്യപങ്കം ഭക്ഷ്യസംസ്കരണ മേഖലയിലാണ്. കേരളത്തിൽ ഏലം, കുരുമുളക്, നാളികേരം എന്നിവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് അനന്തസാദ്ധ്യതക - ളുള്ളതിനാൽ ഈ മേഖല മികച്ച വളർച്ച നിരക്കാണ് കാണിക്കുന്നത്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ 38% വും മൊത്തം വ്യവസായിക നിക്ഷേപത്തിന്റെ 41%വും വ്യവസായിക തൊഴിലവസരങ്ങളുടെ 35% വും കയറ്റുമതി വരുമാനത്തിന്റെ 78% വും ഭക്ഷ്യ സംസ്കരണ മേഖലയിൽ നിന്നും ഉള്ളതാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത വ്യവസായങ്ങളുടെ സ്ഥാപനത്തിനും അവയുടെ വളർച്ചയിലും കൈവരിക്കാനായ നേട്ടം വ്യക്തമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനുമായി ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ ചുവടുവച്ച് സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ രൂപീകരിച്ചു. ഇപ്രകാരം 23 ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകൾ രൂപീകരിക്കുകയും ഇവയ്ക്ക് 9.52 കോടി രൂപ ഇതുവഴി കിൻഫ്ര നൽകുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയിൽ കൂടുതൽ നിക്ഷപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ |

സൃഷ്ടിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
- കാർഷിക അധിഷ്ഠിത ഉല്പന്നങ്ങൾക്കായുള്ള പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
- കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, അടൂർ, പത്തനംതിട്ട.
- ഭക്ഷ്യ സംസ്കരണത്തിനായുള്ള മേഖല, കിൻഫ്ര പാർക്ക്, നെല്ലാട്, എറണാകുളം
- സീഫുഡ് പാർക്ക്, അരൂർ.

ഇത് കൂടാതെ ഈ മേഖലയുടെ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി ഗുണനിലവാര പരിശോധന ലാബുകൾ, കോൾഡ് സ്റ്റോറേജ്, ഫുഡ് ഇൻക്യുബേഷൻ സെന്റർ, ജല ശുദ്ധീകരണ സംവിധാനം, മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത പാർക്കുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇവ കൂടാതെ കിൻഫ്രയുടെ മറ്റ് വ്യവസായ പാർക്കുകളിലും ഭക്ഷ്യ സംസ്കരണ മേഖല പ്രോത്സാഹിപ്പിക്കുന്നതിനായി ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഏപ്രിൽ 2012 ൽ നിലവിൽ വന്നു. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75%

| | | | |
|---|---|---|---|
| | | | വും സംസ്ഥാന വിഹിതം 25% വുമാണ്. കൂടാതെ വിവിധ പരിശീലന പരിപാടികൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ടെക്നോളജി ക്ലിനിക്ക്, എക്സിബിഷനുകൾ എന്നിവ താലൂക്ക്, ജില്ലാ സംസ്ഥാന തലങ്ങളിൽ നടത്തിയതിന്റെ ഫലമായി മികച്ച വളർച്ചാ നിരക്കാണ് കാണിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ നിക്ഷേപത്തിന്റെ കാര്യത്തിലും തൊഴിലവസരങ്ങളുടെ കാര്യത്തിലും വ്യവസായ യൂണിറ്റുകളുടെ എണ്ണത്തിന്റെ കാര്യത്തിലും കയറ്റുമതി വരുമാനത്തിന്റെ കാര്യത്തിലും ഭക്ഷ്യ സംസ്കരണ മേഖലയാണ് കേരളത്തിൽ മുന്നിട്ട് നിൽക്കുന്നത്. |
| സി) | പ്രസ്തുത വ്യവസായ വളർച്ചയ്ക്ക് അനിവാര്യമായ കാർഷിക വിഭവ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് സഹായമോ, പ്രോത്സാഹനമോ നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) | കാർഷിക വിഭവ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വ്യവസായ വകുപ്പിന് പ്രത്യേക പദ്ധതികളില്ല. എന്നിരുന്നാലും കാർഷിക മൂല്യവർദ്ധിത വിഭവങ്ങളുടെ ഉൽപ്പാദനത്തിന് ഭക്ഷ്യ സംസ്കരണ മേഖലയേയും സംരംഭകത്വ സഹായ പദ്ധതിയിൽ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സാമ്പത്തിക സഹായം നൽകിവരികയും, ഈ മേഖലയിൽ പ്രോൽസാഹനം നൽകുന്നതിനായി വിവിധ പരിശീലന പരിപാടികൾ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ടെക്നോളജി ക്ലിനിക്ക്, എക്സിബിഷനുകൾ എന്നിവ താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.